(ബി)

1. അത്യാവശ്യ അറ്റുകുറ്റപ്പണികൾ - 26 ലക്ഷം രൂപ
2. വാർഷിക അറ്റകുറ്റപ്പണികൾ (സൗത്ത് ബ്ലോക്കും നോർത്ത് ബ്ലോക്കും) - 5 ലക്ഷം രൂപ.
3. സെക്രട്ടേറിയറ്റ് പ്രധാന മന്ദിരത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ - 42 ലക്ഷം രൂപ (പണി പുരോഗമിച്ചു വരുന്നു).
4. സെക്രട്ടേറിയറ്റ് അനക്സിനുവേണ്ടി ലിഫ്റ്റ് റൂം, സ്പെഷ്യൽ റൂമുകൾ - 14.54 ലക്ഷം രൂപ

(സി) പ്രസ്തുത പണികളിൽ വാർഷിക അറ്റകുറ്റപ്പണികൾ ടെൻഡർ ക്ഷണിച്ചാണ് നടത്തിയത് (27-12-2002)-ൽ അത്യാവശ്യ അറ്റകുറ്റപ്പണികൾ കമ്മിറ്റേഷൻ വ്യവസ്ഥയിലും സെക്രട്ടേറിയറ്റ് പ്രധാന മന്ദിരത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ഡിപ്പാർട്ട്മെന്റ് എക്സിക്യൂഷനായിട്ടുമാണ് നടത്തിയത്.

(ഡി) ലിസ്റ്റ് അനുബന്ധമായി വച്ചിരിക്കുന്നു.*

വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പരിഷ്ക്കാരങ്ങൾ

144 (2863) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എൻ. രാജൻ :
ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ.ഡി.ബി. വായ്പയുടെ വ്യവസ്ഥ അനുസരിച്ചുള്ള ഭരണപരിഷ്ക്കാര നടപടികളുടെ ഭാഗമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റിയറിംഗ് കമ്മിറ്റി സംസ്ഥാനത്തെ ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിന് പ്രത്യേക ബോർഡ് വേണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടോ ;

(ബി) വിദ്യാഭ്യാസ രംഗത്തെ സംബന്ധിച്ച് ഈ കമ്മിറ്റിയുടെ മറ്റ് ശുപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള ഈ കമ്മിറ്റിയുടെ ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഇങ്ങനെയൊരു ശുപാർശ സർക്കാരിന്റെ പരിഗണനയ്ക്ക് വന്നിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly